മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും കൃാന്റീനിൽ ഭക്ഷണം അറേഞ്ച് ചെയ്തിട്ടുണ്ട്. പോയി കഴിക്കാം..... ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : പ്രസ് ചെയ്യുന്നില്ല.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. എം. വി. ജയരാജൻ അങ്ങയുടെ 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ? .....സീറ്റിലില്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

രണ്ടാം വകുപ്പ്

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : എനിക്ക് ഒഫിഷ്യലായിട്ട് ഒരു അമെന്റുമെന്റ് ഉണ്ട്. In Section 7E proposed to be inserted by Clause 3, for the words brackets and figures "the Kerala Land Reforms (Second Amendment) Act, 2004", in both the places where they occur, the words, brackets and figures "the Kerala Land Reforms (Amendment) Act, 2005" shall be substituted. ബിൽ അച്ചടിച്ചപ്പോൾ അന്ന് 2004 ആയിരുന്നു നിയമം പാസ്സാകുമ്പോൾ 2005 എന്നുള്ള ആ മാറ്റമാണ് പറയുന്നത്.

VIII ക്രമപ്രശ്നം

എം.എൽ.എ.മാർ അവതരിപ്പിക്കുന്ന ഭേദഗതി അതേപടി മന്ത്രി അവതരിപ്പിക്കാൻ പാടില്ല.

ശ്രീ. ടി. കെ. ദേവകുമാർ : സർ, നേരത്തെ നിയമനിർമ്മാണ വേളയിൽ ചെയറിന്റെ ഭാഗത്തുനിന്നും ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷകക്ഷിയിൽപ്പെട്ടവരായാലും ഭരണകക്ഷിയിൽപ്പെട്ടവരായാലും നിയമസഭാ സാമാജികൻമാർ

LIBRARY ARCHIVES Kerala Legislative Assembly

അമെന്റുമെന്റ് സമർപ്പിച്ചിരിക്കുന്ന അതേ അമെന്റുമെന്റുണ്ടെങ്കിൽ അത് ഒഫിഷ്യൽ അമെന്റുമെന്റായി കൊണ്ടുവരാൻ പാടില്ലെന്ന് ചെയറിന്റെ ഭാഗത്തുനിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ട്. പല പ്രാവശ്യം ഈ സഭയിൽ ഉണ്ടായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കെ. എം. മാണി എത്ര ചെറിയ അമെന്റുമെന്റായിരുന്നാലും അത് അദ്ദേഹത്തിന്റെ പറ്റിലിരിക്കണമെന്ന നിർബന്ധത്തോടുകൂടി നിയമനിർമ്മാണ വേളയിൽ ഒഫിഷ്യൽ അമെന്റുമെന്റായി കൊണ്ടുവരുകയെന്നുള്ളത് ചെയറിൽ നിന്നുണ്ടായിട്ടുള്ള റൂളിംഗിനെതിരെയുള്ള മോശമായ പ്രതിഫലനമാണ്. മന്ത്രി അവതരിപ്പിച്ച അതേ അമെന്റുമെന്റ് വേറെ വന്നിട്ടുണ്ട്. ഇത് മേലിൽ ഒരു കീഴ്വഴക്കമാക്കരുത്.

IX റൂളിംഗ്

മി. സ്പീക്കർ: അംഗങ്ങളുടെ ഭേദഗതിക്കുശേഷം ബഹുമാനപ്പെട്ട മന്ത്രി അമെന്റുമെന്റ് കൊണ്ടുവരുന്നത് ആരോഗ്യകരമല്ല എന്നു പറഞ്ഞത് ശരിയാണ്. ഇത് അംഗങ്ങളുടെ ഭേദഗതിക്ക് മുമ്പെതന്നെ കൊണ്ടുവരാം. കാരണം മന്ത്രി ഔദ്യോഗികമായി കൊല്ലത്തിന്റെ വ്യത്യാസം അറിഞ്ഞില്ലെന്ന് പറഞ്ഞാൽ അത് ഗവൺമെന്റിനും മന്ത്രിക്കും മോശമായ കാര്യമല്ലേ.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ 84-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

5.00 p.m.] In Section 7E of the Principal Act proposed to be inserted by clause 3 delete the words "Four hectares" and insert the words "One hectare".

സർ, ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ഇവിടെ വിശദീകരിച്ചപ്പോൾ 11487 ഏക്കർ ഭൂമിയുണ്ടെന്നും 6202 കൈവശക്കാരുമുണ്ടെന്നും പറഞ്ഞു. ഞങ്ങൾ ഇവരെയെല്ലാം ഒഴിപ്പിക്കണമെന്നല്ല പറഞ്ഞത്. അവരെ സംരക്ഷിക്കണമെന്നുതന്നെയാണ് ആവർത്തിച്ച് പറഞ്ഞത്. അതുകൊണ്ടുതന്നെയാണ് LDF ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന റവന്യൂ വകുപ്പുമന്ത്രിയാണ് ഈ നിയമഭേദഗതി ഇവിടെ ആവർത്തിച്ചാവർത്തിച്ച് കൊണ്ടുവന്നത്. ഇവർക്ക് സംരക്ഷണം കൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടിത്തന്നെയാണ് ഇത് കൊണ്ടുവന്നത്. കേരളത്തെ മുഴുവൻ ബാധിക്കുന്ന ഭൂപരിഷ്കരണ നിയമത്തിനെ തകർക്കുന്നവിധം വലിയ ഒരു ഭേദഗതിയിലേക്ക് നിങ്ങൾ പോകുന്നതുകൊണ്ട്, വളരെ ആലോചനകളും ചർച്ചകളും വേണമെന്നതുകൊണ്ടാണ് ഈ എതിർപ്പ് പ്രകടിപ്പിക്കുന്നത്. ഇത്തരമൊരു ഭേദഗതി കൊണ്ടുവരുമ്പോൾ വളരെ ചർച്ചകളും ആലോചനകളും വേണം. ആൾ പാർട്ടി മീറ്റിംഗിൽ ഞങ്ങളെല്ലാപേരും ഒരുപോലെ പറഞ്ഞത് ഇതിന്റെ പരിധിയെ സംബന്ധിച്ചുതന്നെയാണ്. അതുകൊണ്ട് ഈ വിശദീകരണം കേട്ടതിനുശേഷവും നാല് ഹെക്ടർ എന്നുള്ളതിൽ ആശങ്കയുണ്ട്. ഒരു ഹെക്ടർ, ഒന്നര ഹെക്ടർ, രണ്ട് ഹെക്ടർ എന്ന് പല ഭേദഗതികളുമുണ്ട്. ഏതാണെന്ന് നമ്മൾ തീരുമാനിച്ച് പറയും. ഇതിനെക്കുറിച്ച് വിശദീകരിച്ചപ്പോഴും ഇതിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് പറഞ്ഞിട്ടില്ല. ഏതൊക്കെ സ്ഥലങ്ങളാണ് 11487 ഏക്കർ ഭൂമി ഉൾപ്പെടുന്നത്, ഏതൊക്കെ താലൂക്കുകളിലാണ് ഈ സ്ഥലം. അറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്. 6202 പേർ. കുറച്ച് കൃഷിക്കാരേയുള്ളൂ, അവരെ സംരക്ഷിക്കണം. ഈ നിയമത്തിന്റെ സംരക്ഷണം കിട്ടുന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly